# 7

# പാട്ടോടുകൂടി ആരാധിക്കൽ

ക്രിസ്ത്യാനിത്വത്തിലെ സന്തോഷിപ്പിക്കുന്ന ഒരു കാര്യമാണ് ആരാധനയിൽ ദൈവത്തെ പാടിസ്തുതിക്കുന്നത്. യേശുവും അപ്പൊസ്തലന്മാരും കീർത്തനങ്ങൾ പാടിയിരുന്നു (ഗ്രീക്ക്.: *ഹുംനെയോ*; മത്തായി 26:30; മർക്കൊസ് 14:26), പൗലൊസും ശിലാസും പാടി ദൈവത്തെ സ്തുതിച്ചിരുന്നു (പ്രവൃത്തികൾ 16:25). പാട്ടു പാടുന്നതായി സ്വർഗീയ ചിത്രവും വെളിപ്പെടുത്തുന്നു (ഗ്രീക്ക്.: *അഡോ*; വെളിപ്പാട് 5:9; 14:3; 15:3).[1]

എഫെസ്യർ 5:19 ലും, കൊലൊസ്യർ 3:16 ലും, യാക്കൊബ് 5:13 ലും പാട്ടു പാടുവാൻ ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചിട്ടുണ്ട്. ആ വാക്യങ്ങൾ പറയുന്നത് നാം ഹൃദയത്തിൽ കർത്താവിന്നു പാടുകയും അന്യോന്യം സംസാരിക്കയും ചെയ്യണമെന്നാണ്. ക്രിസ്തുവിന്റെ വചനത്താൽ നാം പാട്ടു പാടുമ്പോൾ അത് അന്യോന്യം പ്രബോധിപ്പിക്കലാണ്. നമ്മുടെ പാട്ടിൽ നമുക്ക് കർത്താവിനോടുള്ള നന്ദിയും, നമ്മുടെ സന്തോഷവും പുകഴ്ച്ചയായി പ്രകടിപ്പിക്കയുമാണ് ചെയ്യുന്നത്.

എല്ലാ ക്രിസ്തീയ പ്രവൃത്തികളിലും വെച്ച് നല്ല സ്വരത്തിൽ ഇടവക ഒന്നായി പങ്കെടുക്കുന്ന പ്രവൃത്തിയാണ് പാട്ടു പാടൽ. പാട്ടുപാടുന്നതുപോലെ എല്ലാവരും ഒരേസമയത്ത് പങ്കെടുക്കുന്ന മറ്റൊരു പ്രവൃത്തിയില്ല. സ്വരത്തിൽ നമ്മുടെ ശബ്ദങ്ങളെല്ലാം ചേർത്ത്, ആത്മാക്കളെല്ലാം ചേർന്ന് പാട്ടിൽ ദൈവത്തെ സ്തുതിക്കുമ്പോൾ, ക്രിസ്തീയാരാധന പണിയപ്പെടുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നു.

നമ്മുടെ പാട്ടുകളിൽ ധാരാളം വിഷയങ്ങൾ ഉൾപ്പെടുത്താം:

- പ്രബോധനം
- ഘോഷോച്ചാരണം, പ്രത്യാശ, സ്വർഗം
- ആശ്വാസവും, സാന്ത്വനവും
- ആശ്രയവും, കാരുണ്യവും, വിധേയത്വവും, സഹായവും
- ധ്യാനം, സമർപ്പണം, വിശുദ്ധീകരണം
- പ്രോൽസാഹനവും ക്ഷണവും
- ഭക്തി
- ദൗത്യം, ആത്മാവിനെ - രക്ഷിക്കൽ, സേവനം
- സമാധാനവും തൃപ്തിയും
- ദൈവത്തെ സ്തുതിക്കലും ആദരിക്കലും
- യാചന, ആവശ്യം, പരാതി, സഹായാഭ്യർത്ഥന
- ഉപദേശം
- സ്തോത്രവും സന്തോഷവും
- ആശ്രയം, വിശ്വാസം, ധൈര്യം, ഉറപ്പ്

ഹൃദയം കൊണ്ടാണ് നാം പാടേണ്ടത് (എഫെസ്യർ 5:19; കൊലൊസ്യർ 3:16). ഇത് ഒരാൾക്ക് തനിച്ചും, രണ്ടോ മൂന്നോ പേർ ചേർന്നും, ചെറിയ കൂട്ട

മായും, ഒരു ഇടവകമുഴുവൻ ഒന്നിച്ചു ചേർന്നും ചെയ്യാവുന്നതാണ്.

വിവിധ പ്രയോജനങ്ങൾക്കായി പാട്ടു പാടാവുന്നതാണ്. ദൈവവുമായും മറ്റുള്ളവരുമായും അടുത്ത ബന്ധം പുലർത്തുവാനായി പാട്ടു പാടാം. വ്യക്തി പരമായ പ്രശ്നങ്ങൾ കുറക്കുവാനും, ആത്മിയപുരോഗതി പ്രാപിക്കുവാനും, ക്രിസ്തീയ ജീവിതത്തിൽ പ്രോൽസാഹനത്തിനും സഹായിക്കും. ക്രിസ്തീയ ഗാനങ്ങളിലെ മനോഹരമായ വാക്കുകൾ നമ്മുടേയും മറ്റുള്ളവരുടേയും ആത്മാക്കളെ ഉണർത്തി ദൈവവഴിയിൽ വളരുവാൻ ഉത്തേജിപ്പിക്കും. നമുക്ക് നമ്മോടും മറ്റുള്ളവരോടും ദയവില്ലാത്ത തോന്നലുകൾ കുറക്കുവാൻ ഗാന ങ്ങൾ സഹായിക്കും. അത് ആരാധനാ ശുശ്രൂഷയിൽ തരംഗം ഉണ്ടാക്കി അന്നേദിവസം നമ്മുടെ സ്ഥിതി രൂപപ്പെടുത്തുകയും ചേയ്യും.

മിക്കവാറും പേരെ അതിലേക്ക് കൊണ്ടുവരുവാനും, മിക്കപേരെയും പാ ട്ടിൽനിന്നു പുറത്തുകൊണ്ടുവരുവാനും, നാം പാട്ടുപാടി ദൈവത്തോട് ആശ യവിനിമയം നടത്തുന്നു എന്ന ബോധ്യം വേണം. പാട്ടുമായി ബന്ധമില്ലാത്ത ചിന്തകളെ ഒഴിവാക്കി ദൈവത്തിന്റെ വ്യക്തിത്വയാഥാർത്ഥ്യത്തിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കണം. നാം പാടുമ്പോൾ, ദൈവസാന്നിധ്യത്തിന്റെ അർത്ഥം മനസിലാക്കി കർത്താവിനോടുള്ള ബന്ധം നാം ഓർക്കുകയും വേണം. ദൈവത്തിന്റെ മാഹാത്മ്യവും നമ്മുടെ വിലയില്ലായ്മയും നാം തിരിച്ചറിയ ണം. ഉപകാരങ്ങൾ സ്മരിച്ച്, നമുക്ക് ദൈവത്തിൽനിന്നു ലഭിച്ച സഹായങ്ങ ളിൽ ധ്യാനിക്കയും ചെയ്യുമ്പോൾ, നാം അവന്റെ നന്മയും ദയയും, അവനി ൽ ആശ്രയിക്കേണ്ട ആവശ്യകതയും തിരിച്ചറിയും.

ഇതിൽകൂടെ നാം ദൈവത്തോടുള്ള ആദരവ് വളർത്തി എടുക്കുക മാത്ര മല്ല, നമുക്ക് ചുറ്റുപാടുമുള്ളവരോട് ഒരു അടുത്ത ബന്ധവും വളർത്തുവാൻ കഴിയും. നാം പാടുമ്പോൾ, അത് അന്യോന്യം പ്രബോധിപ്പിക്കേണ്ടതാണെന്നും നമ്മെ ബോധ്യപ്പെടുത്തും. പാടുന്നതിനു മുൻപ് പാട്ടിലെ വാക്കുകൾ വായി ക്കുന്നത് അതിലെ സന്ദേശം മനസിലാക്കുവാൻ സഹായിക്കും. നമുക്കും ചുറ്റുമുള്ളവർക്കും ആ പാട്ട് എങ്ങനെ പ്രയോജനപ്പെടും എന്ന് നാം ചിന്തി ക്കണം. ആ സന്ദർഭത്തിന് യോജിച്ചതും അനുമോദിക്കത്തക്ക വാക്കുകൾ ഉള്ളതുമായ പാട്ട് ആയിരിക്കണം.

പരസ്യ സഭായോഗങ്ങളിൽ ഒത്ത് ചേരുമ്പോൾ പോലും, ആരാധന വ്യക്തി പരമായ കാര്യമാണ്. നമുക്ക് വേണ്ടി വേറെ ആർക്കും ആരാധിക്കാവുന്നതല്ല. ആത്മിയമായി പങ്കെടുക്കുമ്പോൾ മാത്രമെ അത് ആരാധനയാകുന്നുള്ളു.

### പാട്ട് നയിക്കുന്നവൻ

പാട്ട് നയിക്കുന്നവന്റെ പങ്കിൽ “സകലവും ഉചിതവും ക്രമവുമായി നടക്കട്ടെ” എന്ന തത്വവും ഉൾപ്പെടുന്നു (1 കൊരിന്ത്യർ 14:40) വാക്കുകളും, രീതിയും താളവുമുള്ള പാട്ട് ആരെങ്കിലും തുടങ്ങണം. ആരാണ് ഇത് ചെയ്യേ ണ്ടത്, എവിടെയാണ് നിൽക്കേണ്ടത്, എങ്ങനെ പാട്ടുകൾ തിരഞ്ഞെടുക്കണം, പാട്ടിൽ മറ്റുള്ളവരോട് ആശയവിനിമയം നടത്തേണ്ടത്, എടുക്കരുതാത്ത പി ച്ച് എല്ലാം കണക്കിലെടുക്കണം. കാരണം അവ ഒന്നും ദൈവം തിരഞ്ഞെടു ത്തിട്ടില്ല, മൂപ്പന്മാർ (മൂപ്പന്മാരില്ലെങ്കിൽ അംഗങ്ങൾ) ക്ക് അവരുടെ സാഹചര്യ മനുസരിച്ച് അവ നിർണ്ണയിക്കാം.

പാട്ട് നയിക്കുന്നയാൾക്ക് പല രീതിയിൽ പാട്ട് പാടുന്നത് വിപുലമാക്കാം. ഇടവകയിൽ മിക്കപേർക്കും അറിയാവുന്ന പാട്ടുകൾ തിരഞ്ഞെടുക്കുകയും

കുറെ പേർക്ക് അറിയാത്ത പാട്ടുകൾ ഒഴിവാക്കുകയും വേണം. അതേ സമയം, എല്ലാ ആരാധനാ ശുശ്രൂഷകളിലും ഒരേ പാട്ടുകൾ തന്നെ പാടാതെ, പല പാട്ടുകൾ പാടേണ്ടതുണ്ട്. പുതിയ പാട്ടുകൾ പരിശീലനക്ലാസുകളിൽ പഠിപ്പിക്കാവുന്നതാണ്.

പാട്ട് തിരഞ്ഞെടുക്കുന്ന ആൾ ദീർഘവീക്ഷണമുള്ളയാളായിരിക്കണം. അയാൾ സന്ദർഭത്തിനു യോജിക്കുന്ന പാട്ടുകൾ തിരഞ്ഞെടുക്കണം. വിഷയത്തിനു ചുറ്റും നിൽക്കുന്ന, ഒരുപക്ഷെ പ്രസംഗത്തോടു പ്രതികരിക്കുന്നതുമാകാം.

ആരാധനാ ശുശ്രൂഷ ആരംഭിക്കുമ്പോൾ പാട്ടു നയിക്കുന്നയാൾ പാട്ട് പാടി ഇടവകയെ ആരാധനക്ക് ക്ഷണിക്കാം. ആരാധകരെ ശരിയായ ചിന്തയിൽ ആക്കുവാൻ പര്യാപ്തമാക്കുന്നതായിരിക്കണം ഓരോ പാട്ടും. എളുപ്പത്തിൽ മനസിലാക്കുവാൻ കഴിയാത്തതാണെങ്കിലും, അർത്ഥവത്തായ പ്രയോഗങ്ങൾ വിവരിക്കുന്ന കാവ്യചിന്തകൾ അടങ്ങുന്നവയായിരിക്കണം പാട്ടുകൾ. പാട്ടിനനുസരിച്ച് രീതിയും ശബ്ദവും ക്രമീകരിക്കണം. ആരാധനയിൽനിന്നും ചിന്തയകറ്റുന്ന നർമ്മമോ മറ്റൊന്നുമോ ഉപയോഗിക്കാതെ നോക്കണം.

അയാൾ നയിക്കുന്നവൻ മാത്രമാണ്, അല്ലാതെ പ്രകടനക്കാരനല്ല ആഡംബരഹിതമായി വേണം അയാൾ പാട്ട് നയിക്കുവാൻ. അയാൾ പാടുന്നതു എല്ലാവരും കേൾക്കത്തക്ക ശബ്ദത്തിലായിരിക്കണം, പക്ഷെ അത് തന്നിലേക്ക് ആളുകളുടെ ശ്രദ്ധ ആകർഷിക്കേണ്ടതിനല്ല എന്നും ഓർക്കണം. ആരാധനയിൽ ഇടവകയെ നയിച്ച് തന്നെയല്ല, ദൈവത്തെ ഉയർത്തുകയാണ് അയാളുടെ ലക്ഷ്യം.

## ഇടവക

പാട്ടുപാടൽ പണിയുന്നതും അർത്ഥവത്തുമാക്കുവാൻ ഇടവക്ക് പലതും ചെയ്യുവാൻ കഴിയും. ചിലപ്പോൾ, പാട്ടുപുസ്തകം കൂടാതെ ആരാധനയിൽ പാട്ടുപാടുന്നത് വിപുലമാക്കാം. പാട്ടുപുസ്തകം ഉപയോഗിച്ച് നമുക്ക് വീട്ടിലിരുന്നു പാടുവാൻ കഴിയും.

പാട്ടുകളിലെ വാക്കുകൾ ആരാധകർ പ്രകടിപ്പിക്കേണ്ടത് ഹൃദയങ്ങളിൽനിന്നായിരിക്കണം. നമ്മുടെ ശ്രദ്ധ ദൈവത്തിലും, ഇടവകയിലെ മറ്റംഗങ്ങളുടെ ആവശ്യങ്ങളിലുമായിരിക്കണം.

പാട്ട് നയിക്കുന്നവനെ നോക്കി, ഇടവകക്ക് അതിനോട് ചേർന്നു പാടുവാൻ കഴിയണം. തനിക്കു ചുറ്റുമുള്ളവർ പാടുന്നത് കേട്ടുകൊണ്ടിരിക്കാതെ, ഓരോ വ്യക്തിയുടേയും ശബ്ദം ഉയരണം. മറ്റുള്ളവരോട് ചേർന്ന് ഇരുന്നോ നിന്നോ പാടുമ്പോൾ മറ്റു ശബ്ദങ്ങളും ഹൃദയങ്ങളുമായി ചേർന്ന് പാട്ട് വിപുലമാക്കുവാൻ കഴിയും.

ആരാധനയിൽ പാട്ടുപാടുവാൻ നമുക്ക് ബോധപൂർവ്വമായ ശ്രമം ആവശ്യമാണ്. നാം പാട്ടുപാടുന്നു എന്ന വസ്തുത നാം ആരാധിക്കുന്നു എന്നർത്ഥമാക്കുന്നില്ല. നാം വാക്കുകൾ ശ്രദ്ധിച്ച്, കർത്താവിന്ന് ഹൃദയത്തിൽ പാടുമ്പോഴാണ് വാസ്തവത്തിൽ ആരാധനയാകുന്നത്.

## വാമൊഴിയായ സംഗീതം

പഴയനിയമാരാധനയിൽ വിവിധ ഉപകരണസംഗീതങ്ങൾ ഉപയോഗിച്ചിരുന്നുവെങ്കിലും, ആരംഭത്തിൽ ക്രിസ്ത്യാനികൾ പാടിയത് കാപ്പെല്ലാ

അഥവാ ഉപകരണമില്ലാതെ ആയിരുന്നു. "കാപ്പെല്ലാ" അർത്ഥമാക്കുന്നത് "... യാന്ത്രിക ഉപകരണങ്ങൾ കൂടാതെ എന്നാണ്, അതായത് ഉപകരണങ്ങളുടെ അകമ്പടിയില്ലാതെ. [ഇടാൽ,: ഒരു, ഇൻ ദ മാനർ ഓഫ്+ *കാപ്പെല്ലാ* ചാപ്പെൽ, ക്വയർ. ]"[2]

> പതിനാറാം നൂറ്റാണ്ട് വരെ, സഭയുടെ സംഗീതം ഉപകരണങ്ങളുടെ അകമ്പടി ഇല്ലാത്ത ശബ്ദത്തിലായിരുന്നു എന്ന് എഴുത്തുകൾ പറയുന്നു. ... അതുകൊണ്ട് ഇക്കാലത്ത് കോറൽ മൂസിക്ക് ഉപയോഗിക്കുന്നത് "അകമ്പടിയില്ലാത്ത" പാട്ടുകൾക്കാണ്.[3]

ആരംഭസഭ വാമൊഴിയായി മാത്രമായിരുന്നു പാടിയത് എന്നു പ്രകടിപ്പിക്കുന്നതാണ് "കാപ്പെല്ലാ."

*സാമോസ്* എന്ന വാക്കിലോ അല്ലെങ്കിൽ പുതിയനിയമത്തിലെ ക്രിയാരൂപത്തിലുള്ള *സാലോ*യിലോ ഉപകരണങ്ങളുടെ അകമ്പടി ഇല്ല. ക്ലാസിക്കൽ ഗ്രീക്കിൽ, *സാലോ*യുടെ അർത്ഥം, ധ്വനി, സ്പന്ദിക്കുക, വില്ലിന്റെ കമ്പിയോ വീണയുടെ കമ്പിയോ ഉപയോഗിച്ച് പ്രകമ്പനം കൊള്ളിക്കുക എന്നാണ്. പുതിയനിയമത്തിന് ഉപയോഗിച്ച ഗ്രീക്കും സാധാരണക്കാരുടെ ഗ്രീക്കും കൊയ്നേ ഗ്രീക്കാണ്, അത് ക്ലാസിക്കൽ ഗ്രീക്കിൽനിന്നു വ്യത്യസ്തമാണ്. *സാലോ* വളർന്ന് വാമൊഴിയായ ശബ്ദം ഹൃദയത്തിൽനിന്നു പ്രകമ്പനം കൊള്ളിക്കുക എന്നായി മാറിയിരുന്നു. രണ്ടാമത്തെ അർത്ഥത്തിലാണ് പൗലൊസ് ഉപയോഗിച്ച "ഹൃദയത്തിൽ കർത്താവിന്നു പാടുവിൻ" എന്ന പ്രയോഗത്തിലുള്ളത് (എഫെസ്യർ 5:19). അടുത്ത കാലത്ത് ഇറങ്ങിയ ഒരു ലെക്സിക്കൻ വെർഷനിൽ[4] ക്രിയയായ *സാലോ*യുടെ നിർവ്വചനത്തിൽ ഉപകരണസംഗീതവും ഉൾപ്പെടുത്തിയിരിക്കുന്നത്, പണ്ഡിതന്മാർ വിയോജിപ്പ് പ്രകടിപ്പിക്കുന്നതും, അത് വൈപരീത്യമുളവാക്കുന്നതുമാണ്.

ക്രിസ്തീയ ഗാനങ്ങളിൽ "ആത്മിയഗീതങ്ങളും, സങ്കീർത്തനങ്ങളും, സ്തുതികളും" ഉൾപ്പെട്ടിരിക്കുന്നു (എഫെസ്യർ 5:19; കൊലൊസ്യർ 3:16). ആ മൂന്നു വാക്കുകളുടേയും വ്യത്യാസം കൃത്യമായി പറയുക പ്രയാസമാണ്. അവ ഗാനരൂപത്തിലായിരിക്കുവാൻ സാധ്യതയുണ്ട്. "സങ്കീർത്തനങ്ങൾ" എന്നു പറഞ്ഞിരിക്കുന്നത് പഴയനിയമത്തിൽ ഉപകരണങ്ങളോടുകൂടി ഉപയോഗിച്ച സങ്കീർത്തനങ്ങൾ ആണെന്നാണ് ചിലർ പറയുന്നത്. ക്രിസ്ത്യാനികൾക്ക് സങ്കീർത്തനങ്ങളിലെ ചിന്തകൾ ഉപയോഗിക്കാമെങ്കിലും, "ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടുംകൂടി നിങ്ങളുടെ ഹൃദയത്തിൽ വാഴട്ടെ" എന്ന കൊലൊസ്യർ 3:16 ലെ തത്വം ക്രിസ്ത്യാനികൾക്ക് ബാധകമാണ്. സങ്കീർത്തനങ്ങളിൽ ക്രിസ്തുവിന്റെ വചനം ഇല്ല.

### അധികാരം ഉള്ളത് വാമൊഴിയായ പാട്ടിനു മാത്രം

ആരാധനയിൽ പാട്ട് പാടൽ പുതിയനിയമം അധികാരപ്പെടുത്തിയിരിക്കുന്നു. ആരാധനയിൽ ഉപകരണങ്ങൾ പാട്ടിനോട് കൂട്ടിച്ചേർക്കുന്നവർ അധികാരമില്ലാത്ത പ്രവൃത്തിയാണ് കൂട്ടിച്ചേർത്തിരിക്കുന്നത്. ആരാധനയിൽ ഉപകരണങ്ങൾ ഉപയോഗിക്കണമെന്നോ, ക്രിസ്ത്യാനികൾ പാട്ട് പാടുമ്പോൾ ഉപകരണങ്ങൾ ഉപയോഗിക്കണമെന്നോ പുതിയനിയമത്തിൽ ഒരു വാക്യം പോലും പറയുന്നില്ല.

ക്രിസ്ത്യാനികൾക്ക് തിരഞ്ഞെടുക്കാവുന്ന സംഗീതം "പാട്ട് പാടൽ" മാത്രമാണ് (എഫെസ്യർ 5:19; കൊലൊസ്യർ 3:16). മറ്റൊരു തരത്തിലുള്ള സംഗീതം ഉപയോഗിക്കാതെ പാട്ടിൽ ഒതുങ്ങി നിൽക്കുവാനാണ് ദൈവം തിരഞ്ഞെടുത്തിരിക്കുന്നത്. ഉപകരണസംഗീതം കൂട്ടിച്ചേർക്കുവാൻ നമുക്ക് അധികാരമില്ല.

യേശു ഒരു തരത്തിലുള്ള സംഗീതം തിരഞ്ഞെടുത്തിരിക്കുന്നു, നാമും ആ തിരഞ്ഞെടുപ്പിൽ ഒതുങ്ങി നിൽക്കണം.[5] പാട്ടുപാടലിന് അവൻ മറ്റൊരു ശൈലി ഉപയോഗിച്ചിട്ടില്ല. വിവിധ രീതികളിലുള്ള പാട്ടുകളും അവ പാടുന്ന ഏർപ്പാടുകളും, സൊപ്രാനോ, ആൾട്ടോ, ടെനോ അല്ലെങ്കിൽ ബാസ് എന്നിങ്ങനെ വിവിധ രീതികളിലാകാം, പക്ഷെ അവ ഒന്നും "പാട്ടു പാടുവിൻ" എന്ന കൽപനക്ക് മാറ്റം വരുത്തുന്നില്ല, അവ ദൈവകല്പനയെ മാറ്റുകയോ യേശുവിന്റെ തിരഞ്ഞെടുപ്പിനെ ലംഘിക്കുകയോ ചെയ്യുന്നില്ല.

യേശുവിന്റെ ഏതൊരു ഉപദേശത്തിന്റെ അടിസ്ഥാനത്തിലായാലും ആരാധനയിൽ ഉപകരണങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. മനുഷ്യരുടെ സമ്പ്രദായപ്രകാരം മാത്രമെ ആർക്കെങ്കിലും അത് അവതരിപ്പിക്കുവാൻ കഴിയു. മനുഷ്യനിർമ്മിതമായ സമ്പ്രദായങ്ങൾ ദൈവത്തെ ആരാധിക്കുന്നതു വിലയില്ലാത്തതാകയാൽ അതിനെ തള്ളിക്കളയണം (മർക്കൊസ് 7:7–13; കൊലൊസ്യർ 2:8; തിത്തൊസ് 1:14).

## ന്യായപ്രമാണത്തിൻകീഴിലുള്ള ആരാധനയിൽ ഉപകരണങ്ങൾ ഉപയോഗിച്ചതോ?

ദൈവാലയാരാധനയിൽ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു. ന്യായപ്രമാണത്തിൻകീഴിലും, ന്യായപ്രമാണത്തിനു മുൻപും അത് ഉപയോഗിച്ചിരുന്നുവെങ്കിൽ, പുതിയനിയമത്തിലും അത് സ്വീകാര്യമാണ് എന്നു വാദിക്കുന്നവരുണ്ട്. അത് ഒരിക്കലും അനുവദിക്കാവുന്നതല്ല. ദൈവം ക്രിസ്തീയ കാലത്തിന് മുൻപ് പല പ്രവൃത്തികളും സ്വീകരിച്ചിരുന്നു: ആരാധന യെരുശലേമിൽ മാത്രമായി നിജപ്പെടുത്തിയിരുന്നു, ബഹുഭാര്യാത്വം, ആരാധനയിൽ മൃഗബലി, നിർബ്ബന്ധമായും ദശാംശം നൽകൽ, യെഹൂദപെരുന്നാളുകൾ ആചരിക്കൽ, ധൂപവർഗം അർപ്പിക്കൽ തുടങ്ങിയവ. പുതിയനിയമം വന്നതോടുകൂടി പഴയനിയമത്തിലെ, ചട്ടങ്ങളും, വിധികളും, പരിശീലനങ്ങളും നീങ്ങപ്പെട്ടു (ഗലാത്യർ 3:24, 25; എഫെസ്യർ 2:14, 15; എബ്രായർ 7:19; 10:9).

ന്യായപ്രമാണത്തിൻകീഴുള്ളവരെയാണ് ന്യായപ്രമാണം വിധിക്കുന്നത് (റോമർ 2:12). ഇപ്പോൾ, നാം ന്യായപ്രമാണത്തിൻ കീഴിലല്ല (റോമർ 6:14, 15), അതുകൊണ്ട് നാം ന്യായപ്രമാണത്താൽ വിധിക്കപ്പെടുകയില്ല. നമ്മെ വിധിക്കുന്നത് ക്രിസ്തുവിന്റെ വചനമാണ് (യോഹന്നാൻ 12:48). അക്കാരണത്താൽ സ്വീകാര്യമായ ആരാധനയുടെ കാര്യത്തിൽ, ക്രിസ്ത്യാനികൾ പഴയനിയമം എടുക്കേണ്ട ആവശ്യമില്ല. ദൈവത്തെ നാം ആരാധിക്കുമ്പോൾ എന്തുപയോഗിക്കണം എന്നറിയുവാൻ ഇന്ന് നാം പുതിയനിയമമാണ് പരിശോധിക്കേണ്ടത്. ആരാധനയുടെ ഭാഗമായി ഉപകരണങ്ങൾ ഉപയോഗിക്കുവാൻ കൽപിച്ചിട്ടില്ലായ്കയാൽ, അവ ആരാധനയിൽ ഉപയോഗിക്കുവാൻ പാടില്ല.

## സ്വർഗത്തെ കുറിച്ചു പറയുമ്പോൾ വെളിപ്പാടിൽ ഉപകരണങ്ങൾ ഉപയോഗിച്ചിരിക്കുന്നതോ?

വെളിപ്പാടിൽ വീണ പറഞ്ഞിരിക്കുന്നതിനാൽ (5:8; 14:2, 3; 15:2) സഭയിൽ

ഉപകരണങ്ങൾ ഉപയോഗിക്കാമോ? യോഹന്നാൻ കണ്ടത് ക്രിസ്ത്യാനികളുടെ പരിശീലനമായിരുന്നില്ല, മറ്റെന്തിനേയോ സൂചിപ്പിക്കുന്ന അലങ്കാരമായിരുന്നു. സ്വർഗത്തിൽ അവൻ ഒരു കുഞ്ഞാടിനെയും (5:6); കുതിരകളെയും (6:2-8); വെള്ളനിലയങ്കിയും കുരുത്തോലയും (7:9); മേഘവും മഴവില്ലും (10:1); ഇടിയും (10:3); സൂര്യനും, ചന്ദ്രനും, പന്ത്രണ്ട് നക്ഷത്രങ്ങളും (12:1); സിയോൻ പർവ്വതവും (14:1); മറ്റു പല പ്രതിരൂപങ്ങളും കണ്ടു. അവയെല്ലാം അലങ്കാരങ്ങളായിരുന്നു അല്ലാതെ അക്ഷരികമായി അവയെ എടുക്കേണ്ടതില്ല.

യോഹന്നാൻ യെഹൂദാരാധനയെയാണ് അലങ്കരിച്ചിരിക്കുന്നത്, അവ ഒന്നും ക്രിസ്തീയാരാധനയുടെ ഭാഗമല്ല: ധൂപവർഗം നിറച്ച പൊന്നുകൊണ്ടുള്ള പാത്രം (5:8), യാഗം കഴിപ്പാനുള്ള യാഗപീഠം (6:9), ദൈവാലയം (7:15; 15:8), സ്വർണ്ണധൂപകലശം (8:3, 4) പൊൻ യാഗപീഠം (8:3, 5; 9:13), ധൂപവർഗപുക (8:4), യാഗപീഠത്തിന്മേൽ തീ (8:5), യാഗപീഠത്തിന്റെ നാല് കൊമ്പുകൾ (9:13), നിയമപെട്ടകം (11:19), സിയോൻപർവ്വതത്തിൽ ഒന്നിച്ചു കൂടുന്നു (14:1) എന്നിവയെല്ലാം സ്വർഗത്തിൽ കാണിച്ചുകൊടുക്കുന്ന ദൃശ്യമായിരുന്നു. ആ വീണപോലെയുള്ളത്, പഴയനിയമാരാധനയെയാണ് സൂചിപ്പിക്കുന്നത് അല്ലാതെ പുതിയനിയമാരാധനയല്ല.

സ്വർഗത്തിലെ എല്ലാം ആത്മീയവും നിത്യവുമാണ്; ഭൗതികമോ താൽകാലികമോ ആയതൊന്നും അവിടെയില്ല (2 കൊരിന്ത്യർ 4:18). വെളിപ്പാടിലെ ദൈവത്തിന്റെ വീണകൾ ഭൗതികമല്ല (15:2). ദൈവത്തെ ആരാധിക്കുവാൻ വീണ മീട്ടി എന്നു മൂന്നു വേദഭാഗങ്ങളിലും പറയുന്നില്ല (5:8; 14:2, 3; 15:2). പാട്ട് പാടൽ എന്ന സംഗീതം മാത്രമാണ് യോഹന്നാൻ തിരിച്ചറിഞ്ഞത്. ശബ്ദത്തെ അവൻ പെരുവെള്ളത്തോടും വൈണികന്മാർ വീണ മീട്ടുന്നതിനോടും ഉപമിച്ചിരിക്കുന്നു (14:2); എന്നാൽ വെള്ളവും, ഇടിയും, വീണകളും ഇല്ലായിരുന്നു. യെഹൂദാരാധനയിൽ പരിശീലിച്ചിരുന്ന മറ്റു വസ്തുക്കളുടെ പ്രാധാന്യം മാത്രമെ വീണക്കുമുണ്ടായിരുന്നുള്ളു.

### ഉപകരണസംഗീതം കൂട്ടിച്ചേർക്കുവാൻ നമുക്ക് ക്രിസ്തീയ സ്വാതന്ത്ര്യം ഉണ്ടോ?

നമുക്ക് ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം ആരാധനയിൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് നമ്മെ അനുവദിക്കുന്നുണ്ടോ? ദൈവം തിരഞ്ഞെടുത്തിരിക്കുന്നതിനെ നമ്മുടെ സൗകര്യപ്രകാരം മാറ്റുന്നത് പൗലൊസ് 1 കൊരിന്ത്യർ 10:23-ൽ പറഞ്ഞ വാദത്തെ തെറ്റിദ്ധരിച്ചതുകൊണ്ടാകാം. 10:18-33 വരെയുള്ള ഭാഗത്ത് പൗലൊസ് പറയുന്നത് നിയമപരമായ കാര്യങ്ങളെയാണ്, അല്ലാതെ നിയമരഹിതമായ കാര്യങ്ങളെയല്ല. അവൻ അവിടെ പറഞ്ഞ പോയിന്റ്, ചില നിബന്ധനകളിൽ, നിയമപരമായി എല്ലാം ചെയ്യുന്നത് ബുദ്ധിപരമായിരിക്കയില്ല. നാം ബന്ധപ്പെടുന്നവരുടെ നന്മയെയാണ് കരുതേണ്ടത് എന്നർത്ഥം (10:24).

മറ്റുള്ളവരെ അത് നിഷേധമായി ബാധിക്കുന്നുവെങ്കിൽ എല്ലാം നിയമപരമായി ചെയ്യുന്നത് ബുദ്ധിയായിരിക്കുകയില്ല (1 കൊരിന്ത്യർ 10:31, 32). യേശു പഠിപ്പിച്ചിട്ടില്ലാത്ത കാര്യങ്ങൾ ചെയ്യണമെന്നല്ല പൗലൊസ് അവിടെ പറയുന്നത്. മറിച്ച്, അനുവദനിയമായതു ചെയ്യുമ്പോൾ അത് മറ്റുള്ളവർക്ക് ഇടർച്ചവരാതിരിക്കണമെന്നാണ് പൗലൊസ് പറഞ്ഞത്.

## സംക്ഷിപ്തം

പാട്ട് പാടൽ നമുക്ക് വലിയ ഒരു ആരാധനാനുഭവം നൽകുന്നു. പാട്ട് പാടി ദൈവത്തെ സ്തുതിക്കുകയും, മറ്റുള്ളവരെ നിർദ്ദേശിക്കുകയും, പണിയുകയും, അതേസമയം നമ്മുടെ ആത്മാക്കൾക്ക് ആത്മിയ വർദ്ധന വരുത്തുകയും ചെയ്യാം. ക്രിസ്തീയ ജീവിതത്തിലെ പല ഘടകങ്ങളും നമുക്ക് പാട്ടിലൂടെ പങ്കിടുവാൻ കഴിയും. പാട്ട് പാടി ദൈവത്തെ ആരാധിക്കുമ്പോൾ, ദൈവത്തിന് പുകഴ്ച്ച കൊടുപ്പാൻ ശ്രദ്ധിക്കണം.

യേശു അധികാരപ്പെടുത്തിയത് മാത്രമെ നാം ആരാധനയിൽ ഉൾപ്പെടുത്താവു. ക്രിസ്ത്യാനികളോട് പാട്ട് പാടുവാൻ മാത്രം കൽപിച്ചിരിക്കുന്നതിനാൽ, നാം ആരാധനയിൽ ഉപകരണ സംഗീതമോ അല്ലെങ്കിൽ മറ്റു മാനുഷ പരിശീലനങ്ങളോ കൊണ്ടു വരരുത്. അവൻ അധികാരപ്പെടുത്തിയതനുസരിച്ച് നാം ആരാധിച്ചാൽ ദൈവം പ്രസാദിക്കും.

---

കുറിപ്പുകൾ

[1]"പാടുക" എന്നതിനു പുതിയനിയമത്തിൽ ഉപയോഗിച്ച ഗ്രീക്കു വാക്കുകൾ, അഡോ (എഫെസ്യർ 5:19; കൊലൊസ്യർ 3:16; വെളിപ്പാട് 5:9; 14:3; 15:3), *ഹൂമെനെയോ* (മത്തായി 26:30; മർക്കൊസ് 14:26; പ്രവൃത്തികൾ 16:25; എബ്രായർ 2:12), *സാലോ* എന്നുമാണ് (റോമർ 15:9; 1 കൊരിന്ത്യർ 14:15; എഫെസ്യർ 5:19 ["പാട്ടു പാടുവിൻ"] എന്നർത്ഥം; യാക്കൊബ് 5:13). [2]*അമേരിക്കൻ ഹെറിറ്റേജ് ഡിക്ഷ്ണറി,* 3 ഡ് എഡി., (2001), എസ്. വി "എ കാപ്പില്ലാ." [3]*ദ ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷ്ണറി,* 2 ന്റ് എഡി., (1989), എസ്. വി. "എ കാപ്പില്ലാ." [4]വാൾട്ടർ ബാവർ, *എ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് അന്റ് അദർ ക്രിസ്ത്യൻ ലിറ്ററേച്ചർ,* 3 ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 1096. [5]ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "ഇന്നത്തെ ആരാധനാ പരിശിലനത്തിനുള്ള അധികാരം" എന്ന ലേഖനം നോക്കുക.